**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 229** **22-07-2021 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈദ്യുതീകരിക്കാത്ത വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ വൈദ്യുതീകരിക്കാത്ത എത്ര വീടുകൾ ഉണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി അപേക്ഷ ലഭ്യമായിട്ടും കണക്ഷൻ നൽകാൻ കഴിയാത്ത 80 വീടുകൾ വൈത്തിരി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലും 5 വീടുകൾ മുട്ടിൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലും നിലവിലുണ്ട്. |
| (ബി) | വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | വൈത്തിരിയിൽ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ അധീനതയിലുള്ള പെരുങ്കോടയിൽ കയ്യേറ്റ ഭൂമിയിൽ 80 വീടുകൾക്ക് സർവ്വീസ് കണക്ഷൻ നൽകുന്നതിനു വേണ്ടി സമ്പൂർണ്ണ വൈദ്യുതീകരണ സമയത്ത് തന്നെ ശ്രമം നടന്നിരുന്നുവെങ്കിലും കേസ് നിലവിലുള്ളതിനാൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. ADM മുമ്പാകെ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൻമേൽ അനുകൂല തീരുമാനമുണ്ടാകുന്ന മുറക്ക് സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മുട്ടിൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ കാർളംകോട്ട കോളനിയിൽ 5 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകേണ്ടതുണ്ട്. മലമുകളിലായതിനാലും പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശമായതിനാലും കണക്ഷൻ ലഭ്യമാകുന്നതിൽ തടസ്സങ്ങളുണ്ടായിട്ടുണ്ട്. എന്നിരുന്നാലും 650മീ. പുതുതായി ലൈൻ നിർമ്മിക്കേണ്ടതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും വൈദ്യുതി കണക്ഷൻ എടുക്കാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ശേഖരിക്കുവാനും എസ്റ്റിമേറ്റ് തയ്യാറാക്കാനും കെ.എസ്.ഇ.ബി.എൽ നടപടി ആരംഭിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിന് ആവശ്യമായ തുക ട്രൈബൽ ഡിപ്പാർട്ട്മെന്റ്/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ ഉപഭോക്താക്കൾ എന്നിവരിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് ലൈൻ നിർമ്മാണവും സർവ്വീസ് കണക്ഷനും |

| | | | |
|---|---|---|---|
| | | | നൽകി വൈദ്യുതീകരണം പൂർത്തിയാക്കാവുന്നതാണ്. നിലവിൽ 1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ- ന്റെ ഫണ്ട് ഉപയോഗിച്ച് നൽകി വരുന്നു . കെ.എസ്.ഇ.ബിയുടെ ബഡ്ജറ്റിൽ 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് ഇലക്ട്രിക്കൽ ഡിവിഷൻ കൽപ്പറ്റയുടെ കീഴിലുള്ള നിയോജക മണ്ഡലങ്ങളുടെ ഇലക്ട്രിഫിക്കേഷനു വേണ്ടി ആകെ 31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഇതിനായി പ്രത്യേക ഫണ്ട് എന്തെങ്കിലും വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | വൈത്തിരിയിൽ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ അധീനതയിലുള്ള പെരുങ്കോടയിൽ കയ്യേറ്റ ഭൂമിയിൽ 80 വീടുകൾക്ക് സർവ്വീസ് കണക്ഷൻ നൽകുന്നതിനു വേണ്ടി സമ്പൂർണ്ണ വൈദ്യുതീകരണ സമയത്ത് തന്നെ ശ്രമം നടന്നിരുന്നുവെങ്കിലും കേസ് നിലവിലുള്ളതിനാൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. ADM മുമ്പാകെ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൻമേൽ അനുകൂല തീരുമാനമുണ്ടാകുന്ന മുറക്ക് സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മുട്ടിൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ കാർളംകോട്ട കോളനിയിൽ 5 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകേണ്ടതുണ്ട്. മലമുകളിലായതിനാലും പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശമായതിനാലും കണക്ഷൻ ലഭ്യമാകുന്നതിൽ തടസ്സങ്ങളുണ്ടായിട്ടുണ്ട്. എന്നിരുന്നാലും 650മീ. പുതുതായി ലൈൻ നിർമ്മിക്കേണ്ടതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും വൈദ്യുതി കണക്ഷൻ എടുക്കാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ശേഖരിക്കുവാനും എസ്റ്റിമേറ്റ് തയ്യാറാക്കാനും കെ.എസ്.ഇ.ബി.എൽ നടപടി ആരംഭിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിന് ആവശ്യമായ തുക ട്രൈബൽ ഡിപ്പാർട്ട്മെന്റ്/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ ഉപഭോക്താക്കൾ എന്നിവരിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് ലൈൻ നിർമ്മാണവും സർവ്വീസ് കണക്ഷനും നൽകി വൈദ്യുതീ കരണം പൂർത്തിയാക്കാവുന്നതാണ്. നിലവിൽ 1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ- ന്റെ ഫണ്ട് ഉപയോഗിച്ച് നൽകി വരുന്നു . കെ.എസ്.ഇ.ബിയുടെ ബഡ്ജറ്റിൽ |

| | | | |
|---|---|---|---|
| | | | 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് ഇലക്ട്രിക്കൽ ഡിവിഷൻ കൽപ്പറ്റയുടെ കീഴിലുള്ള നിയോജക മണ്ഡലങ്ങളുടെ ഇലക്ട്രിഫിക്കേഷനു വേണ്ടി ആകെ 31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ